കേരള സർക്കാർ

# പിണ്ടിമന ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.1)40/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :12.01.2017

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണ്ടിമന ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പിണ്ടിമന ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.1)40/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :12.01.2017

## എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

.

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 02.01.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നൽകിയ 06 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി. സുരേഷ് രാജു,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റ് നടത്തിയ തീയതി | 03.01.2017 മുതൽ 10.01.2017 വരെ. |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.ജിനിൽ റോയ് ഡി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഹരീഷ് ബാബു എൻ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സന്തോഷ് കുമാർ എം. | ഓഡിറ്റർ(ഹ.ഗ്രേ) |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശാന്ത ജോയി | 1.4.2015 | 30.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.10.2015 | 11.11.2015 |
| | ശ്രീ.ജെയ്സൺ ഡാനിയേൽ | 12.11.2015 | 31.3.2016 |
| വൈസ് പ്രസിഡന്റ് | ശ്രീ.വർഗ്ഗീസ് ജോസഫ് | 1.4.2015 | 30.10.2015 |
| | ശ്രീമതി സതി സുകുമാരൻ | 12.11.2015 | 31.3.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ സലിം.കെ.എം | 04.05.2015 | 31.3.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ജയശ്രീ ആർ.(ഇൻ ചാർജ്) | 1.4.2015 | 03.05.2015 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ.ജിജി ജോബ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ടി.എസ്. റെജിമോൻ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മിനി.സി.ആർ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുമ വർഗ്ഗീസ് | 1.4.2015 | 31.3.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഷൈല കെ.കെ | 1.4.2015 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സജി പീറ്റർ | 1.4.2015 | 13.11.2015 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഡേവിഡ്.കെ.എ | 13.11.2015 | 31.3.2016 |
| ഹെഡ് മാസ്റ്റർ GLPS | ശ്രീമതി പി.കെ.സുബൈദ | 1.4.2015 | 31.3.2016 |
| വെറ്ററിനറി സർജൻ | ഡോ.ആർ.ഷൈജു | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ബോബി ഈപ്പൻ | 1.4.2015 | 31.3.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ റമീസ്.ഡി.മുഹമ്മദ് | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ജയശ്രീ ആർ. | 1.4.2015 | 31.3.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |

| | | | |
|---|---|---|---|
| | ഭാഗം 2 | | |
| 1 | തൊഴിൽ നികുതി -അപാകതകൾ. | 2-1 | |
| 2 | വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ. | 2-2 | |
| | ഭാഗം- 3 | | |
| 1 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 3-1 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 49257251 | 48357751 |
| വാർഷിക കണക്ക് പ്രകാരം | 23134395 | 35863270 |
| വ്യത്യാസം | 26122856 | 12494481 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ വരവ്-ചെലവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവും ഉൾപ്പടെയാണ് ബജറ്റിൽ പഞ്ചായത്തിന്റെ ആകെ

പ്രതീക്ഷിത വരവ്-ചെലവ് കണക്കാക്കിയിരിക്കുന്നത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 19.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. അപാകതകളില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 196212840 |
| വരവ് | 23134395 |
| ആകെ | 42755679 |
| ചെലവ് | 35863270 |
| നീക്കിയിരിപ്പ് | 6892409 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 1489006 |
| കെട്ടിട വാടക | 5192 |
| ആകെ | 1494198 |

പഞ്ചായത്തിന് ലഭിക്കാനുള്ള എല്ലാ വരവുകളും കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 1906209 | 10659870 | 12566079 | 7321099 | 5244980 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 2140540 | 4103461 | 6244001 | 2054746 | 4189255 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് ടി.എസ്.പി. | 22000 | 12000 | 34000 | 34000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 698001 | 4412000 | 5110001 | 4108077 | 1001924 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1275643 | 1872000 | 3147643 | 2784865 | 362778 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1283491 | 4983494 | 6266985 | 3408444 | 2858541 | 0 |
| പെർഫോമൻസ് ഗ്രാന്റ് (WB) | 1990319 | 713825 (ടി.സി.) | 2704144 | 1945724 | 713825 | 0 |
| എം.എൻ. ആർ. ഇ.ജി. എസ്. | 0 | 10533550 | 10533550 | 10533368 | - | 182 |
| ബി ഫണ്ട് | 0 | 348680 | 348680 | 348680 | - | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 139 | 35808706 | 128 | 25554977 | 33 | 11 | 92.08 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്റ്റുകളും അതാത് വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.03 ശതമാനം വർധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3217546 | 3025470 | 192076 | (-)5.96 |
| നികുതിയേതര വരവുകൾ | 415797 | 491342 | 75545 | 0.18 |
| മറ്റുവരവുകൾ | 23205 | 273917 | 250712 | (+)1080.42 |
| ആകെ | 3656548 | 3790729 | 7447277 | (+)2.03 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക (₹) | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 88680 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 1082760 | 1417 |
| വിധവാപെൻഷൻ | 4988640 | 4889 |
| വാർദ്ധക്യകാല പെൻഷൻ | 6768660 | 7831 |
| ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1666945 | 1558 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 131920 | 129 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.01.2017 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,163/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :-

| | | |
|---|---|---|
| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | പട്ടിക ജാതി | 331 |
| | പട്ടിക വർഗ്ഗം | 0 |
| | മറ്റുള്ളവർ | 1186 |
| | ആകെ | 1517 |
| തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | | 899 |
| തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | | 810 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | പട്ടികജാതി | 11445 |
| | പട്ടിക വർഗ്ഗം | 0 |
| | മറ്റുള്ളവർ | 35656 |
| | ആകെ | 47101 |
| 100 ദിവസം തൊഴിൽ ലഭിച്ചവർ | | 176 |
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | | 249 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | | 215 |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2016 | 10/2016 | 15.12.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.04.2008 മുതൽ 30.04.2008 വരെ | 2007-08 | 08.07.2008 |

## 1-12 ഓഡിറ്റ് ഇംപാക്ട് - ഈടാക്കിയത് 30877/-രൂപ

ഗ്രാമപഞ്ചായത്ത് 2015-16 വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിലും,തൊഴിൽ നികുതിയിനത്തിലും,വസ്തു നികുതിയിനത്തിലും ഉണ്ടായ 30877/- രൂപയുടെ നഷ്ടം ഓഡിറ്റ് എൻക്വയറി നൽകിയതിനെതുടർന്ന് താഴെ പറയും പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| ഇനം/പ്രവൃത്തി | തുക ₹ | രസീത് നമ്പർ /തീയതി |
|---|---|---|
| ജീവനക്കാരുടെ തൊഴിൽ നികുതി(അയിരൂർപാടം ക്ഷീരോൽപ്പാദക സഹകരണ സംഘം ) | 2688 | 11601101952/06.01.17 |
| വസ്തു നികുതി (ജയൻ ജേക്കബ്,4/291A) | 1074 | 11601101932/05.01.17 |
| S0120/16 ,അമ്പാട്ട്പടി കുളങ്ങര റോഡ് ടാറിംഗ് | 914 | 11601101964/09.01.17 |
| S0126/16 അമ്മച്ചി കോളനി റോഡ് കോൺക്രീറ്റിംഗ് | 5704 | 11601101973/09.01.17 |
| S078/16പുലിമല ആയപ്പാറ റോഡ് സൈഡ് കെട്ടൽ | 4355 | 11601101972/09.01.17 |
| S0123/16 ഉച്ചം കോളനി റോഡ് സൈഡ് കെട്ടൽ | 2587 | 11601101971/09.01.17 |
| S064/16കല്ലംപിള്ളി റോഡ് ടാറിംഗ് | 716 | 11601101971/09.01.17 |
| S0104/16 പുലിമല കല്ലമ്പിള്ളി റോഡ് മെറ്റലിംഗ് | 520 | 11601101965/09.01.17 |
| S051/16 ആയപ്പാറ അംഗൻവാടി മെയിന്റനൻസ് | 2300 | 11601101969/09.01.17 |
| S094/16 വിവിധ ഹെൽത്ത് സെന്ററുകളുടെ പുനരുദ്ധാരണം | 4108 | 11601101967/09.01.17 |
| S0149/16കൃഷി ഭവൻ ഓഫീസ് സൌകര്യ വർദ്ധനവ് | 2663 | 11601101968/09.01.17 |
| S053/16 ചെങ്കര വെയിറ്റിംഗ് ഷെഡ് പുനരുദ്ധാരണം | 902 | 11601101966/09.01.17 |
| ഗവ.യു.പി.സ്കൂൾ പുനരുദ്ധാരണം,S050/16 | 2346 | 11601101970/09.01.17 |

| | | |
|---|---|---|
| ആകെ | 30877 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി -അപാകതകൾ.

1) 2015-16 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | മാവേലി സ്റ്റോർ, പിണ്ടിമന |
| 2 | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് സോണൽ ഓഫീസ്, ഭൂതത്താൻകെട്ട് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. | അർദ്ധ വർഷം |
|---|---|---|---|
| 1 | ഗ്യാസ് ഗോഡൗൺ & ഏജൻസി | 13/184-B | I &II nd half |
| 2 | പ്രീ സ്ട്രെസ്ഡ് കോൺക്രീറ്റ് ഇൻഡസ്ട്രീസ് | 10/412 | I &II nd half |

ഈ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റിയലൻസിന്റെ മൊബൈൽ ടവറിന് പുതുക്കിയ നിരക്കിൽ കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | മൊബൈൽ ടവർ | കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കേണ്ട നികുതി (വസ്തു നികുതി വിജ്ഞാപനം A 2 – 2755/ 2011 / 23.09.2011) |
|---|---|---|---|---|
| 1 | മുത്തംകുഴി | 11/127 | 7എം. സ്ക്വയർ | 3500/- രൂപ ( @ 500 / എം സ്ക്വയർ) |

ഇത് ഈടാക്കാത്തതിന് കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വസ്തു നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചു. മൊബൈൽ ടവറിന് പുതുക്കിയ നിരക്കിൽ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | എം. എൻ. ലക്ഷം വീട് -വീട് നിർമ്മാണം |

| | |
|---|---|
| പ്രോജക്ട് നം. | S0020/2016 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 2000000/- |
| ചെലവ് വിവരം | ചെക്ക് നം.000371 രൂപ 20000/- തീയതി 14/09/2015 |

എം.എൻ ലക്ഷം വീട് (ജനറൽ) എന്ന പ്രോജക്ടിൽ ശ്രീമതി.കവിതാ സിബി, കാരിമറ്റത്തിൽ, മുത്തംകുഴി, പിണ്ടിമന എന്ന ഗുണഭോക്താവിന് ആദ്യ ഗഡുവായി 20,000/-രൂപ ചെക്ക് നം,000371 തീയതി. 14/09/2015 പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടിയാരി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടതിന് മേൽ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ശ്രീമതി.കവിതാ സിബി, കാരിമറ്റത്തിൽ, മുത്തംകുഴി, പിണ്ടിമന എന്ന ഗുണഭോക്താവിൽ നിന്നും 20,000/-രൂപ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതു വരെ 20,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 400000 | അങ്കണവാടി മെയിന്റനൻസ് | 0 | ഗവ.നിർദേശ പ്രകാരം ട്രഷറിയിൽ നിന്നും തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2015-16 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച / തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം. എസ്.ഭവന നിർമ്മാണം | സ.ഉ.നം. 849 /2010/ ത.സ്വ. ഭവ./12.3. 2010 | 9150000 | 588198 | 425000 | 0 | 163198 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 23134395.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35863270.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,000 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 20,000 | ശ്രീ.ഡേവിഡ്.കെ.എ,വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 20,000 | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഡേവിഡ്.കെ.എ. വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ,പിണ്ടിമന ഗ്രാമപഞ്ചായത്ത് | കുട്ടക്കല്ലിൽ വീട് നേര്യമംഗലം.പി.ഒ മണിമരുതംചാൽ പിൻ.686693 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | കുറിപ്പുകൾ |
|---|---|---|
| 1988-89 | എൽ.എഫ്.ഇ.പി1 -866/93/28.12.93 | |
| 1989-90 | എൽ.എഫ്.ഇ.പി1- 866/93/28.12.93. | |
| 1996-97 | എൽ.എഫ്.ഇ.പി-1 -992/98/6.4.99 | |
| 1997-98 | എൽ.എഫ്.ഇ.പി1-1507/99/15.07.2000 | |
| 1998-99 | എൽ.എഫ്.ഇ.പി1-1173/03/4.09.2003 | |
| 1999-2000 | എൽ.എഫ്.ഇ.പി1-1218/04/4.5.2005 | |
| 2000-01 | എൽ.എഫ്.ഇ.പി1 -1218/04/4.5.2005 | |
| 2001-02 | എൽ.എഫ്.ഇ.പി1- 918/05/20.08.06 | |
| 2002-03 | എൽ.എഫ്.ഇ.പി1 .1819/08/17.11.09 | |
| 2003-04 | എൽ.എഫ്.ഇ.പി7-241/12/4.9.12 | |
| 2004-05 | എൽ.എഫ്.ഇ.പി7-240/12/4.9.12 | |
| 2005-06 | എൽ.എഫ്.ഇ.പി7-239/12/4.9.12 | |
| 2006-07 | എൽ.എഫ്.ഇ.പി7-238/12/4.9.12 | |
| 2007-08 | എൽ.എഫ്.ഇ.പി7-237/12/4.9.12 | |
| 2008-09 | എൽ.എഫ്.ഇ.പി7-136/13/11.2.13/14.3.13 | |
| 2009-10 | എൽ.എഫ്.ഇ.പി7-306/11/8.8.2011 | |
| 2010-11 | എൽ.എഫ്.ഇ.പി7-136/11/11.2.13/14.3.13 | |
| 2011-12 , 2012-13 | എൽ.എഫ്.ഇ.പി7-1322/14/13.10.14/12.12.14 | |
| 2013-14 , 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1107/16/08.07.2016 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

.
ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.7)40/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :12.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX - I

## AUDIT CERTIFICATE

No.K.S.A.-EKM(P7)40/2017

Kerala State Audit Department
District Audit Office, Ernakulam,

Civil Station, Kakkanad -682030
Phone : 0484 2422271
E-mail : lfadekm@gmail.com
Dated: 12.01.2017

Certified that I have audited the Annual Financial Statement of Pindimana Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pindimana Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)